**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1509** **07-06-2018 ൽ മറുപടിക്ക്**

**കേരള ലോ അക്കാഡമിക്ക് സർക്കാർ പതിച്ച് നൽകിയ സ്ഥലം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്തെ കേരള ലോ അക്കാഡമിക്ക് സർക്കാർ പതിച്ച് നൽകിയ സ്ഥലത്ത് വാണിജ്യാവശ്യത്തിനായി കെട്ടിടം നിർമ്മിച്ചതായി തിരുവനന്തപുരം ജില്ലാ കളക്ടർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നോ; | (എ) കണ്ടെത്തിയിരുന്നു |
| (ബി) കേരള ലോ അക്കാഡമിക്ക് എത്ര ഏക്കർ സ്ഥലമാണ് പതിച്ച് നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ; അതിൽ ഉപയോഗശൂന്യമായി കിടക്കുന്ന 3.5 ഏക്കർ സ്ഥലവും വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലവും തിരിച്ചെടുക്കണമെന്ന് റവന്യൂ വകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോ; | (ബി) 11.29 ഏക്കർ പതിച്ചു നൽകിയിട്ടുണ്ട്. ഉപയോഗശൂന്യനായി കിടക്കുന്നതും വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലവും തിരിച്ചെടുക്കുന്നതിനായി സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചതിന്റെയടിസ്ഥാനത്തിൽ ലാ അക്കാദമിയുടെ മുഖകവാടം പൊളിച്ചു നീക്കുകയും മറ്റുള്ളവ ഒഴിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരികയുമാണ്. |
| (സി) ഇക്കാര്യത്തിൽ നിയമവകുപ്പിന്റെ ഉപദേശം തേടിയിരുന്നോ; എങ്കിൽ അവരുടെ ഉപദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) തേടിയിരുന്നു. നിയമവകുപ്പിന്റെ മറുപടി അനുബന്ധമായി ചേർക്കുന്നു<br>(അനുബന്ധം -1) |
| (ഡി) റവന്യൂ വകുപ്പിന്റെ ശിപാർശ അടങ്ങിയ ഫയലിൽ മുഖ്യമന്ത്രി തീരുമാനം എടുത്തിട്ടുണ്ടോ;എങ്കിൽ എന്ത് തീരുമാനമാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) ഉണ്ട്. സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി നല്കിയിട്ടുള്ള ഭൂമിയിൽ പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കാത്ത എത്ര ഭൂമിയുണ്ടെന്ന കാര്യവും അതിനോടൊപ്പം, അവരുടെ പക്കൽ പതിച്ചു നൽകിയതിനു പുറമെ കൂടുതൽ ഭൂമിയുണ്ടോ എന്ന കാര്യവും വിശദാംശങ്ങൾ സഹിതം പരിശോധിച്ചു സമർപ്പിക്കുവാനാണ് ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടത്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - 1

നമ്പർ.4242/ഉപദേ. ജി2/17/നിയമ
നമ്പർ.6731/ഡ്യൂ.1/17/റവ

നിയമ(ഉപദേശ-ജി) വകുപ്പ്
തീയതി: 08/05/2017.

1984-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ 24-ാം ചട്ട പ്രകാരമാണ് കേരള ലാ അക്കാദമിയുടെ വികസനത്തിനായി 11.29 ഏക്കർ ഭൂമി 05.07.1984-ലെ GO(MS) No.688/84/RD നമ്പർ ഉത്തരവ് പ്രകാരം കേരള ലാ അക്കാദമിക്ക് താഴെപറയുന്ന വ്യവസ്ഥകൾക്കു വിധേയമായി സർക്കാർ പതിച്ചു നൽകിയത്.

(i) The Land shall be used only for the purpose for which it is assigned.

(ii). The Land shall not be alienated without the prior permission of the Government.

(iii) The Land will be resumed without payment of compensation, if any of the above conditions is violated.

പതിവ് റദ്ദാക്കുന്നത് സംബന്ധിച്ച് Kerala Land Assignment Rules -ലെ ചട്ടം 8(3) -ൽ താഴെപറയുന്ന പ്രകാരം പറഞ്ഞിരിക്കുന്നു.

"The Registry shall be liable to be cancelled for contravention of the provision in sub-rule (1A) or sub-rule (2). The registry may be cancelled also, if it found that it was grossly inequitable or was made under a mistake of facts or owing to misrepresentation of facts or in excess of the limits of the powers delegated to the assigning authority or that there was an irregularity in the procedure...........".

നമ്പർ.4242/ഉപദേശ ജി2/17/നിയമം
നമ്പർ.6731/യു.1/17/റവ

നിയമ(ഉപദേശ-ജി) വകുപ്പ്
തീയതി: 08/05/2017

(2) പതിച്ചു കൊടുത്ത ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്ക് പൂർണ്ണമായി വിനിയോഗിച്ചില്ല എന്ന കാരണത്താൽ മാത്രം തിരികെ എടുക്കുന്നതിന് കേരള ഭൂമി പതിവ് നിയമത്തിലോ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല. കൂടാതെ കേരള ലാ അക്കാദമിക്ക് ഭൂമി പതിച്ചു കൊടുത്ത GO(MS) No.688/84/RD നമ്പർ ഉത്തരവിലെ വ്യവസ്ഥകളിലും ഭൂമി പൂർണ്ണമായും ഉപയോഗിക്കാത്ത സാഹചര്യത്തിൽ തിരികെ എടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല.

(3) കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 8(3) -ൽ പറഞ്ഞിരിക്കുന്ന പ്രകാരം പതിച്ചു കൊടുക്കൽ inequitable ആണെന്ന് കണ്ടെത്തുകയോ, പതിച്ചുകൊടുത്തത് ഏതെങ്കിലും mistake of facts, misrepresentation മൂലമാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിലോ അല്ലെങ്കിൽ GO (MS) No. 688/84/RD ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്നു കാണുകയാണെങ്കിലോ ഭൂമി തിരികെ എടുക്കാവുന്നതാണ്.

ബി.ജി. ഹരീന്ദ്രനാഥ്.
നിയമ സെക്രട്ടറി.

റവന്യൂ വകുപ്പ്

11 MAY 2017

സെക്ഷൻ ഓഫീസർ.

14554/4/17/B